

തീ അണയാത്ത മൂശ

മനുഷ്യസ്നേഹത്തിന്റെ ആഴമുള്ള ഭാവങ്ങളിൽ അക്കിത്തം പ്രത്യയശാസ്ത്രങ്ങൾക്കപ്പുറത്ത് ബന്ധങ്ങളെ ഹൃദയത്തിൽ തൊടുന്ന അനുഭവമാക്കുന്നു. ചെറുപ്പകാലത്ത് തന്റെ എഴുത്തിനെയും വായനയെയും നയിച്ചിരുന്ന, തനിക്ക് ജ്യേഷ്ഠസഹോദരതുല്യനായ അക്കിത്തമെന്ന വ്യക്തിയെയും കവിയെയും അദ്ദേഹത്തിന്റെ എൺപതാം പിറന്നാൾ വേളയിൽ സ്നേഹഭാവത്തോടെ വിലയിരുത്തുകയാണ് ലേഖകൻ

എം.ടി. വാസുദേവൻ നായർ

എന്നിൽ കവിയായി ജനിച്ച്, മനുഷ്യനായി വളർന്ന്, ജ്യേഷ്ഠസഹോദരനായി മാറിയ അക്കിത്തത്തിന്റെ വളർച്ചയും പരിണാമങ്ങളും നിള നോക്കിനില്ക്കുന്ന കൗതുകത്തോടെയും ആരാധനയോടെയും കണ്ടുനിന്നവനാണ് ഞാൻ. പുഴ വറ്റുന്നു, പക്ഷേ, അക്കിത്തത്തിന്റെ മനസ്സിൽ കവിതയും കാരുണ്യവും വറ്റുന്നില്ല. അത് എന്നും ഒരു പുഴയും പോലെ ഒഴുകിക്കൊണ്ടിരിക്കുന്നു, കവിതയിലും ജീവിതത്തിലും. നന്മയെ ഉപാസിക്കുകയും ഉജ്ജീവിപ്പിക്കുകയും ചെയ്ത ഈ മനുഷ്യൻ എന്റെ മനസ്സിൽ കുടിയിരിക്കാൻ തുടങ്ങുന്നത് 1942 മുതലാണ്. അന്ന് ഞാൻ കുമരനെല്ലൂർ ഹൈസ്കൂളിൽ 'ഫസ്റ്റ്ഫോമി'ൽ ചേർന്നപ്പോൾ അക്കിത്തം അവിടെ പത്തിലോ പതിനൊന്നിലോ പഠിക്കുന്നു. അനിയൻ അക്കിത്തം വാസുദേവൻ എന്റെ ക്ലാസിലും. എന്റെ ജ്യേഷ്ഠൻ അക്കിത്തത്തിന്റെ മനയിൽ നിത്യസന്ദർശകനാണ്. അവിടെ പത്തായപ്പുരയിൽ അടുക്കടുക്കായി വെച്ചിരിക്കുന്ന പുസ്തകരാശിയുണ്ട് കേട്ടും. ക്രമേണ ഞാനും മനയിലെ ഗ്രന്ഥപ്പുരയിൽ വായനയുടെ ലോകം കണ്ടു. എത്രയെത്ര ഗ്രന്ഥങ്ങൾ! ഭാരതീയ സംസ്കൃതിയുടെ ഇതിഹാസങ്ങളായ മഹാഗ്രന്ഥങ്ങളും ലോകത്തിലെ നവീനാശയങ്ങളും വെളിച്ചംപകരുന്ന ആധുനിക പുസ്തകങ്ങളും വരെ അറിവും അനുഭൂതിയും പകരുന്ന വൈവിധ്യമുള്ള ഒരു ലോകം. ചെറുപ്പകാലത്ത് മനയ്ക്കലേക്കും തനിയെയായി അവിടം ഓരോ തവണയും പറഞ്ഞ് പുസ്തകങ്ങളെടുക്കും. എന്റെ വായനയെയും എഴുത്തിനെയും കരുപ്പിടിപ്പിക്കാനുള്ള ഊർജ്ജസംഭരണികളായ ആ പുസ്തകങ്ങൾ ഇന്നും എന്റെ ഓർമ്മയിലുണ്ട്.

എസ്.എസ്.എൽ.സി. കഴിഞ്ഞ ഞാൻ ചെറുമാസികകളിൽ എഴുതാൻ തുടങ്ങിയപ്പോഴും സാഹിത്യ സംബന്ധിയായ സംശയങ്ങളും അനുഭവങ്ങളുമായി സമീപിച്ചത് അക്കിത്തത്തെയാണ് - അധ്യാപകർക്ക് പോലും കാണിച്ച് അഭിപ്രായം തേടാൻ മടിച്ചിരുന്ന എന്റെ എഴുത്തുകളെക്കുറിച്ചുള്ള അഭിപ്രായമറിയാനും ആശ്രയിച്ചത് മറ്റാരെയുമല്ല. അക്കിത്തം മനയി

▲ വി.ടി. ഭട്ടതിരിപ്പാട്, എം.ആർ.ബി., ഇടശ്ശേരി

[illegible] പ്രസിദ്ധീകരിച്ചവ അവിടെവെച്ച് പോലും. അദ്ദേഹം വന്ന് അത് വായിച്ച് തെറ്റ് കുറിച്ചുതരും. എല്ലാം [illegible] ആശയങ്ങളും. നിരൂപണമോ വിമർശനമോ ഉപദേശമോ പതിവില്ല – എഴുത്തിന്റെ [illegible] പുരോഗതിയിലേക്കും നയിക്കുന്ന മാർഗ്ഗരേഖ മാത്രം. [illegible] അക്കാലത്തെ [illegible] വഴിയിൽ [illegible] 'ങ്ങ' 'ങ്ങ' [illegible] വഴിയിൽ അക്കിത്തം നില്ക്കുന്നു.

'എന്താ വാസൂ?' 'ങ്ങ' [illegible] – [illegible] എന്റെ [illegible] ത്തിൽ നിന്ന് ഇറങ്ങി അക്കിത്തത്തിന്റെ [illegible] വിരിഞ്ഞു.

1946ൽ ആദ്യ കൃതിയായി വന്ന 'വീരവാദം', [illegible] നിരൂപണവും [illegible] എന്ന് [illegible] ഉണ്ടായിരുന്നു.

"[illegible]
[illegible]
[illegible]

[illegible] എന്ന് ആഹ്വാനം ചെയ്ത [illegible] എന്ന കവിത [illegible] 'കരിഞ്ചന്ത', 'കോവിലകത്ത്' തുടങ്ങിയ പല കവിതകളിൽ [illegible] സംഘടന പ്രവർത്തനവുമായി [illegible] അക്കിത്തത്തിന്റെ [illegible] എം.ആർ.ബി.യുടെ [illegible] അക്കിത്തം [illegible] ഇടശ്ശേരിയുടെ [illegible] അക്കിത്തം [illegible] വി.ടി.യും ഇടശ്ശേരിയും പി.സി.യും അക്കിത്തത്തിലൂടെയാണ് എനിക്ക് [illegible] പൊന്നാനി കളരി [illegible] എസ്.കെ. പൊറ്റെക്കാട്ടും പി.സി.കുട്ടികൃഷ്ണനും [illegible] അക്കിത്തത്തെയും [illegible] കോളേജ് [illegible] ഞാൻ എം.ടി. [illegible] അക്കിത്തത്തിന്റെ [illegible] അതിനുശേഷമാണ് 'മാതൃഭൂമി'യിൽ ചേരുന്നത്. അന്ന് ആകാശവാണിയിൽ ജോലി ചെയ്യുകയാണ് അക്കിത്തം. കുറച്ചുമാസം ഞങ്ങളൊന്നിച്ച് ഒരു ലോഡ്ജിൽ താമസിച്ചു. നിലത്ത് പായ വിരിച്ച് കമിഴ്ന്ന് കിടന്നാണ് അന്ന് അക്കിത്തത്തിന്റെ എഴുത്ത്. ചിലപ്പോളിത് പുലർച്ചവരെ നീളും. പിറ്റേന്ന് വായിച്ചുതരും. ഘനഗംഭീരമായ ആ ശബ്ദത്തിന്റെ ►

ഞാൻ 'മാതൃഭൂമി'യിൽ ചേരുമ്പോൾ ആകാശവാണിയിൽ ജോലി ചെയ്യുകയാണ് അക്കിത്തം. കുറച്ചുമാസം ഞങ്ങളൊന്നിച്ച് ഒരു ലോഡ്ജിൽ താമസിച്ചു. നിലത്ത് പായവിരിച്ച് കമിഴ്ന്ന് കിടന്നാണ് അന്ന് അക്കിത്തത്തിന്റെ എഴുത്ത്. ചിലപ്പോളിത് പുലർച്ചവരെ നീളും. പിറ്റേന്ന് വായിച്ചുതരും. ഘനഗംഭീരമായ ആ ശബ്ദത്തിന്റെ മുഴക്കം കവിതയുടെ അന്തർനാദം വിടർത്തും. അക്കിത്തത്തിന്റെ മുശയിലെന്നും ഒരു കവിതയുടെ കനൽക്കട്ടയുണ്ട്. തീ അണയാത്ത ഈ മുശയിൽനിന്ന് മനുഷ്യസ്നേഹവും നന്മയും കവിതയുടെ ലാവണ്യരൂപമായി ഉരുത്തിരിയുന്നു.

▼ എം.ടി. വാസുദേവൻനായരും അക്കിത്തവും



Mathrubhumi2.jpg (2514 x 3064)



അക്കിത്തം അന്നും ഇന്നും ഒരാൾ തന്നെ. ഒരു മാറ്റവും ആ ജീവിതത്തിന്റെയോ കാവ്യത്തിന്റെയോ ദർശനത്തിൽ വന്നണഞ്ഞതായി എനിക്ക് അനുഭവപ്പെടുന്നില്ല. എന്നെ വാസുവെന്ന് വിളിച്ച് എന്തും കല്പിക്കാനുള്ള അധികാരം ഈ ജ്യേഷ്ഠസഹോദരനുണ്ട്. പ്രത്യയശാസ്ത്രങ്ങളും മാർഗങ്ങളും. വിതച്ച ജീവിതത്തിന്റെ വൈതരണികളിൽ അഹിംസയും നന്മയും മാനവികതയും വിരിയിച്ചെടുക്കുന്ന അക്കിത്തം ജന്മനാ കവിയാണ്. ആത്മാന്വേഷണത്തിന്റെ വഴിയിൽ മിഴിനീരുറഞ്ഞുണ്ടാകുന്നതാണ് അക്കിത്തത്തിന്റെ കല.

[illegible]

[illegible]

[illegible]

[illegible]

Mathrubhumi3.jpg (2508 x 3030)